യളവിൽ മൊത്തം 1326 കോടി രൂപയുടെ കേന്ദ്ര മുതൽമുടക്ക് സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്.

1998-99 ലെ കേന്ദ്രപൊതുമേഖലാ നിക്ഷേപത്തെ സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമല്ല. സ്വകാര്യമേഖലയിൽ ഉണ്ടായിട്ടുള്ള മുതൽമുടക്ക് കണക്കാക്കിയിട്ടില്ല.

(ബി) പൊതുമേഖലയിലാണ് പ്രസ്തുത മുതൽമുടക്ക് (മൊത്തം 9479.76 കോടി രൂപ) നടത്തിയിട്ടുള്ളത്. സംസ്ഥാന പദ്ധതി വിഹിതമായി മുതൽമുടക്കിയ 8153.76 കോടി രൂപയുടെ വികസനമേഖല തിരിച്ചുള്ള വിശദാംശങ്ങൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു.†

1996-98-ൽ ഉണ്ടായ കേന്ദ്ര മുതൽമുടക്കായ 1326 കോടി രൂപ വിനിയോഗിച്ചിരിക്കുന്നത് മുഖ്യമായും വ്യവസായ മേഖലയിലും വൈദ്യുതി ഉത്പാദന മേഖലയിലുമാണ്.

(സി) സംസ്ഥാനത്ത് വികസന പദ്ധതികൾക്കാവശ്യമായ ദീർഘകാല വായ്പകൾ നൽകുന്നതിൽ കുറവുണ്ടാകുന്നതിന് ധനകാര്യസ്ഥാപനങ്ങളും ദേശസാൽകൃത ബാങ്കുകളും ചുണ്ടിക്കാണിച്ചിട്ടുള്ള കാരണങ്ങളിൽ ഒന്ന് കുറ്റമറ്റ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കി യഥാസമയം അവർക്ക് സമർപ്പിക്കാത്തതാണ് എന്നതാണ്. എന്നാൽ ഈ നിഗമനം ശരിയല്ല എന്നാണ് വ്യവസായ സംരംഭകരുടേയും മറ്റു നിക്ഷേപകരുടേയും അനുഭവത്തിന്റെ വെളിച്ചത്തിലുള്ള അഭിപ്രായം.

3 (2188) വിദേശ മലയാളികളുടെ നിക്ഷേപം

ശ്രീ. ജി. സുധാകരൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും വിദേശത്ത് തൊഴിൽ തേടിപ്പോകുന്നവരുടെ ജോലി സുരക്ഷിതത്വത്തിന് സർക്കാർ കൈക്കൊണ്ടുവരുന്ന നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രവാസി വകുപ്പ് ഇക്കാര്യത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) വിദേശമലയാളികളിൽനിന്നും സംസ്ഥാനത്ത് നിക്ഷേപം സ്വീകരിക്കാൻ സർക്കാർ കൈക്കൊണ്ടുവരുന്ന നടപടികൾ എന്തൊക്കെയാണ്;

(ഡി) വിദേശമലയാളികളിൽനിന്നും സംസ്ഥാനത്തിന് കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ലഭിച്ച നിക്ഷേപത്തോത് വെളിപ്പെടുത്തുമോ;

(ഇ) ഈ വിദേശ മലയാളി നിക്ഷേപം എപ്രകാരം പ്രയോജനപ്പെടുത്താനാണ് സർക്കാർ നടപടി സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) ഏതെല്ലാം മേഖലകളിലാണ് വിദേശ മലയാളികൾ മുതൽമുടക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

† അനുബന്ധം II
406/2010.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) വിദേശത്ത് തൊഴിലിനായിപ്പോകുന്ന വ്യക്തിയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുക എന്നത് റിക്രൂട്ട് ചെയ്യുന്ന ഏജൻസിയുടെ ചുമതലയാണ്. ഇതിന് വീഴ്ച വരുത്തുന്നതായി പരാതി ലഭിക്കുമ്പോൾ ഏജൻസിയുടെമേൽ നടപടി സ്വീകരിക്കുവാൻ കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും, പോലീസ് വകുപ്പിനും നിർദ്ദേശം നൽകിവരുന്നു. കൂടാതെ അനധികൃത റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനം തടയുന്നതിന് സംസ്ഥാനതലത്തിൽ ഒരു സമിതിയും, ഇതിനെക്കുറിച്ചുള്ള പൊതുജന ബോധവൽക്കരണത്തിനായി മറ്റൊരു സമിതിയും രൂപീകരിച്ചിട്ടുണ്ട്. വിദേശ തൊഴിൽ ദാതാക്കൾ ഭാരതീയരായ തൊഴിലാളികളെ പീഡിപ്പിക്കുന്നതായി പരാതി ലഭിക്കുമ്പോൾ ബന്ധപ്പെട്ട ഇന്ത്യൻ എംബസികളുടെയും കോൺസുലേറ്റുകളുടെയും സഹായം ലഭ്യമാക്കി വരുന്നുണ്ട്. തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാത്ത കമ്പനികളെപ്പറ്റി പൊതുജന ശ്രദ്ധയിൽ കൊണ്ടുവരുന്നുണ്ട്. വിദേശത്ത് പ്രത്യേകിച്ച് ഗൾഫ് നാടുകളിൽ തൊഴിൽ തേടുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി 'ഗൾഫിൽ തൊഴിൽ തേടുന്നവർക്ക് ഒരു സഹായി' എന്ന പുസ്തകം സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത പുസ്തകം ജില്ലാ ഇൻഫർമേഷൻ സെന്ററുകൾ വഴിയും പാസ്പോർട്ട്, എമിഗ്രേഷൻ ഓഫീസുകൾ വഴിയും വിതരണം ചെയ്തിട്ടുണ്ട്.

(സി) വിദേശ മലയാളികളുടെ നിക്ഷേപം സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനായി സംസ്ഥാനസർക്കാർ സംരംഭമായ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ വ്യവസായ പാർക്കുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു.

സംസ്ഥാനത്ത് മുതൽമുടക്കാൻ തയ്യാറായിവരുന്ന പ്രവാസി മലയാളികൾക്ക് അതിനുള്ള എല്ലാ സൗകര്യവും അനുബന്ധ സേവനങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പ്രവാസി കേരളീയ കാര്യവകുപ്പിൽ ഒരു ഫോറിൻ ഇൻവെസ്റ്റ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സെൽ പ്രവർത്തനക്ഷമമാക്കുന്നതിനായി 'നോർക്ക' പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതാധികാര സമിതിയും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം നടത്താൻ തൽപരരായ വിദേശ മലയാളികൾക്ക് വ്യവസായ സംരംഭങ്ങൾക്കുവേണ്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിലേക്ക് ഒരു നോൺ റസിഡന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഇനിഷ്യേറ്റീവ് ഫണ്ടും വിഭാവന ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് വിദേശമലയാളികളുടെ മൊത്ത നിക്ഷേപത്തിന്റെ വിവരം താഴെക്കൊടുക്കുന്നു:

1996 മാർച്ച്	-8103 കോടി രൂപ
1997 മാർച്ച്	-10178 കോടി രൂപ
1998 മാർച്ച്	-12735 കോടി രൂപ
1998 ഡിസംബർ	-14281 കോടി രൂപ

(ഇ) വിദേശ മലയാളികളുടെ നിക്ഷേപം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി വിനിയോഗിക്കുന്നതിനും അതോടൊപ്പം വിദേശ മലയാളി നിക്ഷേപകന് സാമ്പത്തിക മേന്മ ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ആരോഗ്യം, വാണിജ്യം, പെട്രോളിയം, ടൂറിസം, വ്യവസായം, ഫുഡ് പ്രോസസിംഗ്, ഹോട്ടൽ മുതലായ മേഖലകളിലും, സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ തുടങ്ങാനും സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

4 (2189) സ്വാതന്ത്ര്യ സുവർണ്ണജൂബിലി പ്രമാണിച്ചുള്ള കേന്ദ്രസഹായം

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികാഘോഷങ്ങൾക്കു വേണ്ടിയോ അതിനോടനുബന്ധിച്ച് യുവജനങ്ങളിൽ സ്വാതന്ത്ര്യ ബോധം ഉദ്ദീപിപ്പിക്കുന്നതിനുവേണ്ടിയോ കേന്ദ്രത്തിൽനിന്നു സംസ്ഥാനത്തിന് എന്തെങ്കിലും സഹായം ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്തുതുക ഇതിനായി ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഈ തുക അനുവദിക്കുമ്പോൾ കേന്ദ്രം എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ; എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ;

(ഡി) കേന്ദ്രത്തിൽ നിന്നു കിട്ടിയ തുക ജില്ലകൾക്കു വീതിച്ചു നൽകുകയുണ്ടായോ; എങ്കിൽ എന്നാണ് വീതിച്ചു നൽകിയത്;

(ഇ) ഓരോ ജില്ലയ്ക്കും എന്തുതുക വീതം നൽകിയെന്ന് വ്യക്തമാക്കുമോ;

(എഫ്)ഓരോ ജില്ലയും പ്രസ്തുത തുക എപ്രകാരം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപനചടങ്ങുകളുടെ ചെലവിലേക്കായി 40 ലക്ഷം രൂപ കേന്ദ്രസർക്കാർ അനുവദിച്ചിരുന്നു.

(സി) നിർദ്ദേശം നൽകിയിരുന്നു. 1998 മേയ് അഞ്ചാം തീയതിയിലെ കേന്ദ്ര സർക്കാർ കത്തിൽ പറഞ്ഞിരുന്ന പരിപാടികൾക്കു മാത്രമേ തുക ചെലവഴിക്കുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിരുന്നു.

(ഡി) 10.8.98 ലേയും 14.8.98 ലേയും സർക്കാർ ഉത്തരവ് പ്രകാരം എല്ലാ ജില്ലകൾക്കും തുക നൽകിയിട്ടുണ്ട്.

(ഇ)

കാസർഗോഡ്	1.5 ലക്ഷം രൂപ
കണ്ണൂർ	1.5 ലക്ഷം രൂപ
വയനാട്	1.5 ലക്ഷം രൂപ
കോഴിക്കോട്	2.0 ലക്ഷം രൂപ
മലപ്പുറം	1.5 ലക്ഷം രൂപ
പാലക്കാട്	1.5 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly